# പതിമൂന്നാം കേരള നിയമസഭ
## (പതിമൂന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 178 — 17/03/2015-ൽ മറുപടിയ്ക്ക്

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യസമൃദ്ധി പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) ഉൾനാടൻ മത്സ്യോത്പാദനം നിലവിലുള്ള 1.5 ലക്ഷം ടണ്ണിൽ നിന്ന് 2.5 ലക്ഷം ടണ്ണായി ഉയർത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒന്നും രണ്ടും വർഷങ്ങളിലെ (2012-13, 2013-14) പദ്ധതി പൂർത്തീകരണത്തിലൂടെ ആകെ 62541.712 ടൺ ഉൾനാടൻ മത്സ്യോത്പാദനവും അതുവഴി 63242 ലക്ഷം രൂപയുടെ വരുമാനവും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ മൂന്നാം വർഷ വിളവെടുപ്പ് വിവിധ ജില്ലകളിൽ നടന്നുവരുന്നു. മൂന്നാം വർഷ വിളവെടുപ്പ് പൂർത്തിയാകുന്നതോടെ ഉൾനാടൻ മത്സ്യോത്പാദനം 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുവാൻ സാധിക്കും. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും അതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്. വടക്കൻ ജില്ലകളിൽ കല്ലുമ്മേക്കായയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 918 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി പദ്ധതി നടപ്പിലാക്കിയതിലൂടെ ഏകദേശം 75000 ത്തോളം കർഷകർ ഗുണഭോക്താക്കളാവുകയും അതുവഴി 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. |
| (സി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം വിവിധ പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; | (സി) മത്സ്യസമൃദ്ധി രണ്ടാംഘട്ട പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ള ഘടകങ്ങൾ താഴെപ്പറയുന്നു:<br>• കുളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി<br>• പാടശേഖരങ്ങളിലേയും, കോൾ പാടങ്ങളിലെയും മത്സ്യ/ചെമ്മീൻ കൃഷി / സംയോജിത മത്സ്യ കൃഷി<br>• പൊക്കാളി / കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി<br>• കരിമീൻ വിത്തുല്പാദന-വില്പന യൂണിറ്റുകൾ<br>• കുളത്തിലെ കരിമീൻകൃഷി<br>• കൂടുകളിലെ കരിമീൻകൃഷി<br>• കൂടു കൃഷി മാതൃകാ യൂണിറ്റുകൾ |

- ഞണ്ട് / കല്ലുമ്മേക്കായ കൃഷി
- പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- അടുക്കളകുളങ്ങൾ
- മാതൃകാ മത്സ്യകൃഷി ഫാമുകൾ
- കൃഷി / കന്നുകാലി മത്സ്യ ഫാമുകൾ
- പടുതാക്കുളങ്ങളിലെ മത്സ്യകൃഷി
- മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട സ്വയം തൊഴിൽ പ്രവർത്തനങ്ങൾ
- മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന വികസനങ്ങൾ
- മത്സ്യകർഷക ക്ലബ്ബുകളുടെ ശാക്തീകരണം
- മത്സ്യകർഷക ക്ലബ്ബുകൾക്ക് പ്രവർത്തന മൂലധനം നൽകൽ (ഒറ്റത്തവണ)
- മികച്ച കർഷകർക്ക് അവാർഡ് വിതരണം സംസ്ഥാനതലം, ജില്ലാതലം
- മത്സ്യകർഷക വികസന ഏജൻസികൾക്ക് (എഫ്. എഫ്. ഡി. എ) മണ്ണ്, ജല പരിശോധന കിറ്റുകൾ നൽകൽ
- മത്സ്യകൃഷി പരിപാലന/ ബോധവൽക്കരണ പരിപാടികൾ
- സൗജന്യ വിള ഇൻഷ്വറൻസ്
- മികച്ച കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം
- കർഷകർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്? | (ഡി) | നിലവിലുള്ള പദ്ധതികളെക്കാൾ കൂടുതൽ ഘടകപദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടും ഉൾനാടൻ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ പ്രയോജനകരമായ രീതിയിൽ മത്സ്യസമൃദ്ധി II എന്ന പേരിൽ 2015-18 വർഷക്കാലയളവിൽ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഫിഷറീസ് വകുപ്പ് സമർപ്പിച്ച പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**